**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരളത്തിലെ MP/MLA മാർക്കെതിരെയുള്ള ക്രിമിനൽ കേസുകൾ വിചാരണ ചെയ്യുന്നതിലേയ്ക്കായുള്ള കോടതിയുടെ 2014-00-103-97 എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറായി ടി കോടതി സ്പെഷ്യൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ നിയോഗിച്ചും, സ്പെഷ്യൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഔദ്യോഗിക നാമത്തിൽ എറണാകുളം സബ് ട്രഷറികളിൽ ഒരു ക്രിമിനൽ കോർട്ട് ഡെപ്പോസിറ്റ് അക്കൗണ്ട് ആരംഭിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.3922/2018/ധന.** തിരുവനന്തപുരം, തീയതി **04/05/2018**

---

പരാമർശം:-
1. 28.02.2018 ലെ സ.ഉ.(കൈ) നം.29/2018/ഹോം
2. 01.03.2018 ലെ സ.ഉ.(കൈ) നം.30/2018/ഹോം
3. കേരള ഹൈക്കോടതിയിലെ റജിസ്ട്രാറുടെ (സബോർഡിനേറ്റ് ജുഡീഷ്യറി) 22/03/2018 -ലെ D7A(1)8698/2018 നമ്പർ കത്ത്.
4. 26.04.2018 ലെ സ.ഉ.(സാധാ) നം.3694/2018/ധന
5. ഭരണവകുപ്പ് ഫയൽ നം.HOME-C5/126/2018-HOME Computer No : 797343

**<u>ഉത്തരവ്</u>**

കേരളത്തിലെ MP/MLA മാർക്കെതിരെയുള്ള ക്രിമിനൽ കേസുകൾ വിചാരണ ചെയ്യുന്നതിലേയ്ക്കായി പരാമർശം 1 പ്രകാരം **Special Court of the Judicial Magistrate of the First Class [Special Additional Chief Judicial Magistrate Court]** 03.03.2018 മുതൽ പ്രവർത്തനം ആരംഭിക്കുകയും പരാമർശം 2 പ്രകാരം വിജ്ഞാപനം നൽകുകയുമുണ്ടായി. മേൽ പരാമർശിച്ച കോടതിയുടെ ട്രഷറി ഇടപാടുകൾ നടത്തുന്നതിലേയ്ക്കായി **2014-00-108-99NV** എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറായി സ്പെഷ്യൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ നിയോഗിക്കുവാനും ടി ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറിന്റെ നാമത്തിൽ എറണാകുളം സബ് ട്രഷറിയിൽ ഒരു ക്രിമിനൽ കോർട്ട് ഡെപ്പോസിറ്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണം എന്ന് പരാമർശം 3 ലെ കത്ത് പ്രകാരം കേരള ഹൈക്കോടതിയിലെ റജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു. പരാമർശം 4 ലെ ഉത്തരവ് പ്രകാരം **2014-00-103-97NV** എന്ന പുതിയ ശീർഷകം MP/MLA മാർക്കെതിരെയുള്ള ക്രിമിനൽ കേസുകൾ വിചാരണ ചെയ്യുന്ന പ്രത്യേക കോടതിയ്ക്കായി അനുവദിച്ചിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ പ്രസ്താവിച്ച കോടതിയുടെ സ്പെഷ്യൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ **2014-00-103-97NV** എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ചും, സ്പെഷ്യൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഔദ്യോഗിക നാമത്തിൽ എറണാകുളം സബ് ട്രഷറിയിൽ ഒരു ക്രിമിനൽ കോർട്ട് ഡെപ്പോസിറ്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുവാദം നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ആഭ്യന്തര (സി) വകുപ്പ് ( HOME-C5/126/2018-HOME Computer No :797343 )
ധനകാര്യ (വ്യയം -എ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ